4351
21/4/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-RIPMR ൽ ഓഡിയോളജി സ്പീച്ച് ലാംഗ്വേജ് പതോളജി(ASLP) സേവനം ആരംഭിക്കുന്നതിന് 76,70,978/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.224 /2015/സാ.നീ.വ          തിരുവനന്തപുരം, തീയതി 7.4.2015

---

പരാമർശം- 1. 28.2.2015 ലെ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 256/SID/Proposal/2014-2 നമ്പർ കത്ത്.

2. 30.1.2015 ലെ SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി മിനിട്ട്സ്

## ഉത്തരവ്

പരാമർശം 1 ലെ കത്തു പ്രകാരം ശ്രവണവൈകല്യമുള്ള കുട്ടികളുടെ സംസാരശേഷി വർദ്ധിപ്പിക്കുന്നതിനും ആശയവിനിമയം നടത്തുവാൻ പരിശീലിപ്പിക്കുന്നതുമായി ഓഡിയോളജി സ്പീച്ച് ലാംഗ്വേജ് പതോളജി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് RIPMR എക്സിക്യൂട്ടീവ് ഡയറക്ടർ 76,70,978/- രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ടി പദ്ധതിയ്ക്കായി 76,70,978/- രൂപ 2235-02-101-78(2) ശീർഷകത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകണമെന്നും SID പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം ചേർന്ന SID ഇംപ്ലിമെന്റേഷൻ & മോണിറ്ററിംഗ് കമ്മിറ്റി ടി പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രവണവൈകല്യമുള്ള കുട്ടികളുടെ സംസാരശേഷി വർദ്ധിപ്പിക്കുന്നതിനും ആശയവിനിമയം നടത്തുവാൻ പരിശീലിപ്പിക്കുന്നതുമായി ഓഡിയോളജി സ്പീച്ച് ലാംഗ്വേജ് പതോളജി ആരംഭിക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി 76,70,978/- രൂപ(എഴുപത്തി ആറു ലക്ഷത്തി എഴുപതിനായിരത്തി തൊള്ളായിരത്തി എഴുപത്തി എട്ട് രൂപ മാത്രം) RIPMR എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച ശുപാർശ അംഗീകരിച്ചുകൊണ്ട് ടി തുക 2235-02-101-78(2) ശീർഷകത്തിൽ നിന്നും RIPMR ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, SID, 40, ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ